(ബി) കടൽ വഴിയുള്ള ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. 200 ലക്ഷം രൂപ പ്രാഥമികമായി വകയിരുത്തിയിട്ടുള്ളതും പദ്ധതിയിൽ കോസ്റ്റൽ ഷിപ്പിംഗിനായി വെസ്സൽ വാങ്ങുന്നതുൾപ്പെടെ ലക്ഷ്യമിട്ടിട്ടുള്ളതുമാണ്. തീരദേശ ചരക്ക് ഗതാഗത വികസനത്തിനായി പദ്ധതി ആരംഭിച്ചിട്ടുണ്ട്. ചേമ്പർ ഓഫ് കോമേഴ്സ്, ചരക്ക് മൊത്ത വ്യാപാരികൾ, ഏജന്റുമാർ തുടങ്ങിയവരുമായി ചർച്ച നടത്തിവരുന്നു.

(സി) നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുള്ള സാധന സാമഗ്രികൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും റോഡ്/റെയിൽ വഴിയാണ് വരുന്നത്. കടൽ മാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തിന് റോഡ്/റെയിൽ എന്നിവയെ അപേക്ഷിച്ച് ചെലവ് കുറവാണ്. അന്തരീക്ഷ മലിനീകരണം ഗണ്യമായി കുറയ്ക്കാൻ സാധിക്കും. ചരക്ക് എത്തിക്കുന്നതിനുള്ള സമയം കുറയും. റോഡിലുള്ള തിരക്കും, അതുമൂലമുള്ള അപകടങ്ങളും കുറയ്ക്കാൻ സാധിക്കും. പെട്രോളിയം ഉൽപ്പന്നങ്ങൾ, രാസവസ്തുക്കൾ എന്നിവ കര മാർഗ്ഗം കൊണ്ടു പോകുമ്പോഴുണ്ടാകുന്ന ദുരന്തങ്ങളും അപകടങ്ങളും കടൽമാർഗ്ഗം കൊണ്ടു പോകുമ്പോൾ ഒഴിവാക്കാൻ കഴിയും. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ആവശ്യമായ ചരക്കുകൾ കടൽ വഴി കൊണ്ടുവരുന്നതിന് തയ്യാറായാൽ സംസ്ഥാന സർക്കാരിന്റെ ഈ ഉദ്യമം വിജയിക്കും.

(ഡി) തുറമുഖങ്ങൾ, കോസ്റ്റൽ പോലീസ് സ്റ്റേഷൻ എന്നിവ പരസ്പരം ബന്ധിപ്പിക്കുന്നതിന് ബീക്കൺ ട്രാൻസ്മിറ്റർ സ്ഥാപിക്കും. തുറമുഖങ്ങളിൽ ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുന്നതിനും മൂന്ന് പട്രോളിംഗ് ബോട്ടുകൾ ഇതിനായി വാങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ബേപ്പൂരിലുള്ള സുരക്ഷാസൗകര്യങ്ങൾ വിലയിരുത്തി വരുത്തേണ്ട മാറ്റങ്ങളെപ്പറ്റിയുള്ള നിർദ്ദേശം ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗ് നൽകിക്കഴിഞ്ഞു. കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളുടെ സുരക്ഷാ സൗകര്യങ്ങൾ വിലയിരുത്തുന്നതിന് ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യത്തിനായി ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗുമായി ബന്ധപ്പെട്ട് തുടർ നടപടികൾ ത്വരിതപ്പെടുത്താൻ ശ്രമിച്ചുവരുന്നു.

വികലാംഗർക്ക് തൊഴിൽ പരിശീലനം

16 (*526) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. വി. ശശികുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പ്രത്യേക കേന്ദ്രങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം തൊഴിലധിഷ്ഠിത കോഴ്സുകളാണ് ഇവിടെ നടത്തുന്നതെന്നറിയിക്കുമോ ;

(ഡി) ഈ വർഷം പുതുതായി ഏതെങ്കിലും കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ ;

(ഇ) തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രത്തിൽ പഠിക്കുന്ന കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) സന്നദ്ധ സംഘടനകൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും സ്റ്റൈപ്പെന്റ് നൽകുന്നുണ്ടോ ;

(ജി) വികലാംഗർക്കായി എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) തൊഴിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ലഭ്യമാക്കുമോയെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) വികലാംഗർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള രണ്ട് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ (വി.റ്റി.സി.) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

(ബി) വികലാംഗർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരത്തും, കോഴിക്കോട്ടും വി.റ്റി.സി.കൾ പ്രവർത്തിച്ചുവരുന്നു.

(സി) 1. തിരുവനന്തപുരം വി.റ്റി.സി.യിൽ നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

കോഴ്സ്	കാലയളവ്
1. ബുക്ക് ബയന്റിംഗ്	2 വർഷം
2. ടെയിലറിംഗ് ആന്റ് എംബ്രോയിഡറിംഗ് & നീഡിൽ വർക്ക്	2 വർഷം
3. DCA	1 വർഷം
4. DTP	6 മാസം

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് വി.റ്റി.സി.യിൽ നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സുക ളുടെ വിവരം ചുവടെ ചേർക്കുന്നു.

കോഴ്സ്	കാലയളവ്
1. ലതർ വർക്സ്	2 വർഷം
2. ബുക്ക് ബയന്റിംഗ്	2 വർഷം
3. DTP	6 മാസം
4. Computer Hardware	6 മാസം

(ഡി) തിരുവനന്തപുരം വി.റ്റി.സി.യിൽ ഇന്ത്യാ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ടെക്സ്റ്റൈൽസ് സ്പോൺസേർഡ് സ്ഥാപനമായ ATDC എന്ന സ്ഥാപനവുമായി ചേർന്ന് ഫാഷൻ ഡിസൈനിംഗ് കോഴ്സ് 19-7-2010-ൽ ആരംഭിക്കുന്നു. ഫാഷൻ ഡിസൈനിംഗിൽ അഭിരുചിയുള്ള 17-നും 25-നും ഇടയിൽ പ്രായമുള്ള 12-ാം ക്ളാസ് പാസ്സായ 10 വികലാംഗർക്കാണ് സൗജന്യമായി കോഴ്സിൽ പ്രവേശനം നൽകുന്നത്.

(ഇ) തൊഴിലധിഷ്ഠിത കേന്ദ്രത്തിൽ ജനറൽ കോഴ്സിന് പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 24,000 രൂപയിൽ അധികരിക്കാത്ത പഠിതാക്കൾക്ക് പ്രതിമാസം 300 രൂപ വീതം സ്റ്റൈപ്പെന്റ് നൽകുന്നു.

(എഫ്) ഇല്ല.

(ജി) വികലാംഗർക്കായി എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്ന വിഷയം ആലോചിച്ചുവരുന്നു.

(എച്ച്) ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നവർക്ക് തൊഴിൽ ലഭ്യമാക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്.

മലപ്പുറത്ത് ഫുട്ബോൾ അക്കാദമിയും സ്പോർട്ട്സ് കോംപ്ലക്സും സ്ഥാപിക്കാൻ നടപടി

17 (*527) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. വിശ്വൻ:
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചി ട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മലപ്പുറത്ത് ഫുട്ബോൾ അക്കാദമിയും അതോടൊപ്പം ഒരു സ്പോർട്ട്സ് കോംപ്ലക്സും സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly